**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** **13-02-2025 - ൽ മറുപടിയ്ക്ക്**

**കാളപൂട്ട് - മരമടി തൊഴിൽ പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികമേഖലയുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന കാളപൂട്ട്, മരമടി, കാളയോട്ടം, കാളവണ്ടിയോട്ടം, ഉഴവ് എന്നിവ നടത്തുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; ഇവയ്ക്ക് നിലവിൽ ഏതെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് വിലക്ക് നിലനിൽക്കുന്നത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കാളപൂട്ട്, മരമടി, കാളയോട്ടം, കാളവണ്ടിയോട്ടം, ഉഴവ് തുടങ്ങിയ മത്സരങ്ങൾ 'Prevention of cruelty to Animal Act-1960' നിയമപ്രകാരം കേരളാ ഹൈക്കോടതി നിരോധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളുടെ തൊഴിൽപ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളുടെ തൊഴിൽപ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമനിർമ്മാണം പരിഗണനയിലുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് കാളപൂട്ട്, കന്നുപൂട്ട്, മരമടി മത്സരങ്ങൾ നിയമപരമായി നടത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് 'Prevention of Cruelty to Animals (Kerala Amendment)- Ordinance ഓർഡിനൻസ് ആയി അംഗീകരിക്കാൻ മന്ത്രിസഭ തീരുമാനിച്ചിരുന്നു.<br><br>1960-ലെ Prevention of Cruelty to Animals Act (Central Act 59 of 1960) ഒരു കേന്ദ്ര ആക്ട് ആയതിനാൽ ഭേദഗതി വരുത്തുന്നതിന് മുൻപ് ഇന്ത്യൻ ഭരണഘടനയുടെ 213ാം അനുച്ഛേദം ഒന്നാം ഖണ്ഡിക പ്രകാരം ബഹു. രാഷ്ട്രപതിയുടെ മുൻകൂറായുള്ള നിർദ്ദേശം വാങ്ങേണ്ടതുണ്ട്. ആയതിനാൽ ബഹു. രാഷ്ട്രപതിയുടെ മുൻകൂർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനായി കേന്ദ്ര ആഭ്യന്തരവകുപ്പ് സെക്രട്ടറിയ്ക്ക് 2021 മുതൽ കത്തുകളും നിരവധി ഓർമ്മക്കുറിപ്പുകളും നൽകിയിരുന്നുവെങ്കിലും നാളിതുവരെ ആയതിനു കേന്ദ്രസർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | | | തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾ കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തി, ഇത്തരം മത്സരങ്ങൾ നിയമനിർമ്മാണത്തിലൂടെ നിയമ വിധേയമാക്കിയിട്ടുണ്ട്. ഇത് ചോദ്യം ചെയ്ത് കൊണ്ട് മൃഗക്ഷേമ സംഘടനകൾ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും മേൽപ്പറഞ്ഞ നിയമഭേദഗതികൾ സാധുവാണെന്ന് പ്രസ്തുത കേസിൽ 2023 ൽ ബഹു. സുപ്രീം കോടതി വിധി പ്രസ്താവിക്കുകയുണ്ടായി.<br><br>ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് കാളപൂട്ട്, കന്നുപൂട്ട്, മരമടി തുടങ്ങിയ മത്സരങ്ങൾ നിയമവിധേയമായി നടത്തുന്നതിന് കേന്ദ്രനിയമമായ 'മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം - 1960' ന് ആവശ്യമായ ഭേദഗതി വരുത്തുന്നതിന് വേണ്ടി നിയമനിർമാണം നടത്തുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാളപൂട്ട്, കന്നുപൂട്ട്, മരമടി മത്സരങ്ങൾ നടത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ